भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

DN 536886

വാടക കരാർ

07 –10–2022 രണ്ടായിരത്തി ഇരുപത്തി രണ്ടാമാണ്ട് ഒക്ടോബർ മാസം ഏഴാം തീയതി എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, തൃക്കാക്കര നോർത്ത് വില്ലേജ്, ഞാലകം കരയിൽ, സൗത്ത് കളമശ്ശേരിയിൽ, K.D.P P O പിൻ 683104 യിൽ, ആലനപറമ്പിൽ പരേതനായ ഉസ്മാൻ ഭാര്യ **സുഹറ ഉസ്മാൻ** ഒന്നാം പാർട്ടിയായും. എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, തൃക്കാക്കര നോർത്ത് വില്ലേജ്, ഞാലകം കരയിൽ, യൂണിവേഴ്സിറ്റി പിഒ., പിൻ 682022 സൗത്ത് കളമശ്ശേരിയിൽ, തിരുനിലത്തു റോഡ്, പാലക്കൽ വീട്ടിൽ പരേതനായ പി.നാച്ചു ചെട്ടിയാർ **കണ്ണൻ .എൻ** രണ്ടാം പാർട്ടിയായും ചേർന്നെഴുതിയ എഴുതിയ **വാടക കരാർ.**

ഒന്നാം പാർട്ടി **രണ്ടാം പാർട്ടി**

സുഹറ ഉസ്മാൻ **കണ്ണൻ .എൻ**

Suhara

48450 7/10/22

ATHIRA. M.A. SL NO.........DT.........
STAMP VENDOR ₹.........SOLD TO.........
THRIKKAKARA.........

Kannan. N
Palackal
South Kalamassery.

DISTRICT STAMP DEPOT
03 OCT 2022
ERNAKULAM

भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA DN 536887

നമ്മളിൽ ഒന്നാം പാർട്ടി വകയും ഒന്നാം പാർട്ടിയുടെ പൂർണ്ണ ഉടമസ്ഥത യിലും കൈവശത്തിലും കരം തീരുവയിലും ഇരിക്കുന്നതും കളമശ്ശേരി മുനി സിപ്പാലിറ്റി നിന്നും **37/1251/A4** എന്ന് നമ്പർ ഇട്ടിട്ടുള്ള ഷോപ്പ് 11/10/2022 മുതൽ (11) പതിനൊന്ന് മാസക്കാലാത്തേക്ക് മാത്രമായി രണ്ടാം പാർട്ടിക്ക് **CLOUD 9 DISTRIBUTER** എന്ന സ്ഥാപനം തുടങ്ങുന്നതിനായി **8,000/-(എണ്ണാ യിരം)** രൂപ വീതം വാടക തരുവാൻ സമ്മതിച്ച് ടി ഷോപ്പിന്റെ താക്കോൽ സഹിതം ഒന്നാം പാർട്ടിയിൽ നിന്നും രണ്ടാം പാർട്ടി ഏറ്റെടുത്തിട്ടുള്ളതും ആകുന്നു.

ഒന്നാം പാർട്ടി | **രണ്ടാം പാർട്ടി**

Kannan

സുഹറ ഉസ്മാൻ Suhara | **കണ്ണൻ.എൻ**

ATHIRA. M.A SL NO. 48451 DT. 7/10/22.
STAMP VENDOR ₹ .... SOLD TO.........
THRIKKAKARA

Kannan. N
Palackal
South Kalamassery.

DISTRICT STAMP DEPOT
0 3 OCT 2022
ERNAKULAM

ടി പ്രതിമാസ വാടക രൂപ എണ്ണായിരത്തി യാതൊരു തർക്കവും വീഴ്ചയും കൂടാതെ എല്ലാ ഇംഗ്ലീഷ് മാസങ്ങളുടേയും 11–ാം തീയതികൾക്കുള്ളിൽ രണ്ടാം പാർട്ടി ഒന്നാം പാർട്ടിയെ ഏല്പിച്ച് ലക്ഷ്യം വാങ്ങേണ്ടതുമാകുന്നു. ഏതെങ്കിലും കാരണവശാൽ മുടക്കം വരുത്തിയാൽ മാസത്തിൽ നൂറ്റിക്ക് നിയമാനുസൃതമായ പലിശയോടുകൂടി തന്നുകൊള്ളാമെന്നും ഇതിനാൽ രണ്ടാം പാർട്ടി സമ്മതിച്ചിരിക്കുന്നു. ഇതിന്റെ കൂടുതൽ ഉറപ്പിലേക്ക് പലിശ യില്ലാതെ **25,000/–(ഇരുപ്പത്തി ആയ്യായിരം)** രൂപ രണ്ടാം പാർട്ടി ഒന്നാം പാർട്ടിയെ അഡ്വാൻസായി ഏൽപ്പിച്ചിട്ടുള്ളതും ആകുന്നു. ടി രൂപ രണ്ടാം പാർട്ടിയിൽ നിന്നും ഒന്നാം പാർട്ടി റൊക്കം പറ്റി ബോദ്ധ്യം വന്നിട്ടുള്ളതും ആകുന്നു. ടി കാലാവധി കഴിയുന്ന മുറയ്ക്ക് ടി അഡ്വാൻസ് തുക ഒന്നാം പാർട്ടി രണ്ടാം പാർട്ടിക്ക് തിരികെ കൊടുക്കുന്ന സമയം യാതൊരു തർക്കവും പറയാതെ ടി രൂപ കൈപ്പറ്റി ടി ഷോപ്പിൽ നിന്നും രണ്ടാം പാർട്ടി ഒഴിഞ്ഞ് താക്കോൽ ഒന്നാം പാർട്ടിയെ ഏൽപ്പിക്കേണ്ടതും ആകുന്നു. ടി ഷോപ്പ് ത്തിൽ രണ്ടാം പാർട്ടി ഉപയോഗിക്കുന്ന ഇലക്ട്രിസിറ്റി, ചാർജ്ജ് രണ്ടാംപാർട്ടി അടച്ച് രസീത് പാർട്ടിയെ ഏൽപ്പിക്കേണ്ടതും ആകുന്നു. ടി ഷോപ്പ് നാശ മോശപ്പെടുത്തുന്നതിനൊ അന്യകൈവശം കൊടുക്കുന്നതിനൊ പ്രകൃതിഭേതം വരുത്തുന്നതിനൊ കൂട്ടിച്ചേർപ്പുകൾ ഉണ്ടാക്കുന്നതിനൊ രണ്ടാം പാർട്ടിക്ക് അധികാരമില്ലാത്തതും ആകുന്നു. കാലാവധികഴിഞ്ഞ് ഒഴിഞ്ഞു തരുന്ന സമയം വല്ല നാശനഷ്ടങ്ങളും വരുത്തിയിരുന്നാലോ ഇലക്ട്രിസിറ്റി, ചാർജ്ജ് എന്നിവയിൽ കുടിശ്ശിക വരുത്തിയാലോ ആ വക നഷ്ടങ്ങളെല്ലാം ടി അഡ്വാൻസ് തുകയിൽ തട്ടിക്കിഴിച്ച് ബാക്കി വരുന്ന തുക ഒന്നാം പാർട്ടി രണ്ടാം പാർട്ടിയെ തിരിയെ ഏൽപ്പിക്കുന്നതുമാണ്. ടി കാലാവധിക്കു മുമ്പേ ഒന്നാം പാർട്ടിക്ക് രണ്ടാം പാർട്ടിയെ ഒഴിപ്പിക്കണമെന്നുണ്ടെങ്കിലോ രണ്ടാം

ഒന്നാം പാർട്ടി	**രണ്ടാം പാർട്ടി**
സുഹറ ഉസ്മാൻ Suhara	**കണ്ണൻ.എൻ**

പാർട്ടിക്ക് തന്നെ ഒഴിയണമെന്നുണ്ടെങ്കിലോ മാസത്തെ മുൻകൂർ നോട്ടീസ് മൂലം പരസ്പരം അറിയിക്കേണ്ടതും അപ്രകാരം അറിയിപ്പുകിട്ടുന്നപക്ഷം നോട്ടീസിൽ പറയും പ്രകാരം പ്രവർത്തിക്കേണ്ടതും ആകുന്നു. ഇപ്രകാരമെല്ലാം പരിപൂർണ്ണമായി സമ്മതിച്ചിട്ടുള്ളതുആയതിന് വിരുദ്ധമായി രണ്ടാം പാർട്ടി പ്രവർത്തിച്ചു ഒന്നാം പാർട്ടിക്ക് വല്ല വ്യവഹാരത്തിനും ഇടയാക്കിയാൽ ആ വക എല്ലാ ചിലവുകൾക്കും നഷ്ടങ്ങൾക്കും രണ്ടാം പാർട്ടിയും രണ്ടാം പാർട്ടിയുടെ ഇതര സ്വത്തുക്കളും ഒരുപോലെ ഉത്തരവാദിയായിരിക്കുന്നതാണെന്നും കൂടി ഇതിനാൽ സമ്മതിച്ചും നിശ്ചയിച്ചും താഴെ എഴുതുന്ന സാക്ഷികൾ കാൺകെ ഇതിൽ ഒപ്പിട്ടു ഇതിന്റെ അസ്സൽ ഒന്നാം പാർട്ടി ഫോട്ടോസ്റ്റാറ്റ് കോപ്പി രണ്ടാംപാട്ടിയും സൂക്ഷിക്കേണ്ടതാകുന്നു.

എന്ന് ടി

ഒന്നാം പാർട്ടി	രണ്ടാം പാർട്ടി
സുഹറ ഉസ്മാൻ	കണ്ണൻ.എൻ

സാക്ഷികൾ:

1.

2.

ഇത് കമ്പ്യൂട്ടർ പ്രിന്റാകുന്നു.

വെട്ടുതിരുത്തില്ല.

ഒന്നാം പാർട്ടി	രണ്ടാം പാർട്ടി
സുഹറ ഉസ്മാൻ	കണ്ണൻ.എൻ